# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

CIN: U01119KL1962SGC001997 രജി ഓഫീസ് – കോട്ടയം – 686 004

**Ref.No.SAL-F-560/ 5416**

## കല്ലാല, ആതിരപ്പിള്ളി എസ്റ്റേറ്റുകളിൽ സൂക്ഷിച്ചിരിക്കുന്ന തേക്ക് തടികളുടെ വില്പന ഒന്നാം പുനർ ഇ—ടെൻഡർ കം ഇ-ഓക്ഷൻ

പി സി കെ യുടെ ഉടമസ്ഥതയിലുള്ള കല്ലാല, ആതിരപ്പിള്ളി എസ്റ്റേറ്റുകളിൽ മുറിച്ച് സൂക്ഷിച്ചിരിക്കുന്ന തേക്ക് തടികളുടെ (ഇതോടൊപ്പം പ്രസിദ്ധികരിക്കുന്ന ലിസ്റ്റ് പ്രകാരം) വില്പന കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതുപ്രകാരം ടി തേക്ക് തടികളുടെ വിലയുടെ വാഗ്ദാനം 21/03/2020 തീയതിയിൽ 5.00 P.M മണി വരെ കരാറുകാർക്ക് ടി ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതും ടി ടെൻഡറുകൾ 23/03/2020, 3.00 P.M ന് തുറക്കുന്നതുമാണ്. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി **Rs.50,000/-(അൻപതിനായിരം രൂപ മാത്രം)** ഡിമാൻഡ് ഡ്രാഫ്റ്റായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്. ക്വട്ടേഷനുകൾ മേൽപ്പറഞ്ഞ ഇ-ടെൻഡർ പോർട്ടൽ വഴി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള നിശ്ചിത സമയം അവസാനിച്ചതിനുശേഷം കരാറുകാർ സമർപ്പിച്ച ഇ-ടെൻഡറുകൾ സാങ്കേതിക സാമ്പത്തിക പരിശോധനയ്ക്കുശേഷം ലഭിച്ച ഉയർന്ന നിരക്ക് അടിസ്ഥാനമാക്കി ടി ഇ പോർട്ടലിലൂടെ തന്നെ ഇ-ലേലത്തിന് വേണ്ടി പ്രസിദ്ധീകരിക്കുന്നതുമാണ്. പ്രസ്തുത ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ഇ- ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതായിരിക്കും. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ വാഗ്ദാനം ചെയ്യപ്പെടുന്ന തുകകളിൽ ഏറ്റവും കൂടുതലായ തുകയുടെ വാഗ്ദാനം യുക്തമെന്ന് തോന്നുന്നപക്ഷം അംഗീകരിക്കുന്നതിനും അല്ലാത്തപക്ഷം നിരസിക്കുന്നതിനും കോർപ്പറേഷന് **പൂർണ** അധികാരമുണ്ടായിരിക്കുന്നതാണ്.

### ഒന്നാം പുനർ ഇ–ടെൻഡർ കം ഇ—ഓക്ഷന്റെ നിബന്ധനകൾ

1. ഇ-ടെൻഡർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ/ഇ-ഓക്ഷൻ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ ടിയാൾ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജിലും ഒപ്പ് രേഖപ്പെടുത്തിയ ടെൻഡർ കണ്ടിഷനും ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ടീയാളുടെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.105) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

2 ഇ—ടെൻഡർ കം ഇ—ഓക്ഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പോയി **തടികളുടെ** എണ്ണം, **തടികളുടെ** ഗുണനിലവാരം, നിലവിലുള്ള അവസ്ഥ എന്നിവയെ കുറിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത

തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

3 ഇ-ടെൻഡർ കം ഇ- ഓക്ഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ നിരതദ്രവ്യമായ Rs 50,000(അൻപതിനായിരം രൂപ) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് അവയുടെ വിവരങ്ങൾ ടെൻഡർ വ്യവസ്ഥകളോട് അനുബന്ധിച്ചിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തേണ്ടതും അനന്തരം ടി ടെൻഡർ വ്യവസ്ഥ ഒപ്പിട്ട് ഇ-ടെൻഡർ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി കരാറുകാരന്റെ ടെൻഡർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ടെൻഡർ തുറക്കുന്ന ദിവസം രാവിലെ 10.30 മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസിൽ ലഭിച്ചിരിയ്ക്കേണ്ടതാണ്.

4. ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള നിശ്ചിത സമയം അവസാനിച്ചതിനുശേഷം കരാറുകാർ സമർപ്പിച്ച ഇ-ടെൻഡറുകൾ സാങ്കേതിക സാമ്പത്തിക പരിശോധനയ്ക്കുശേഷം ലഭിച്ച ഉയർന്ന നിരക്ക് അടിസ്ഥാനമാക്കി ടി ഇ പോർട്ടലിലൂടെ തന്നെ ഇ-ലേലത്തിന് വേണ്ടി പ്രസിദ്ധീകരിക്കുന്നതുമാണ്. പ്രസ്തുത ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ഇ- ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതായിരിക്കും.

5. യാതൊരു കാരണവും കൂടാതെ ഇ–ടെൻഡർ കം ഇ-ഓക്ഷനിലെ നിരക്കുകൾ അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം കോർഷറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

6. കോർഷറേഷന്റെ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ച **ഇ-ടെൻഡർ കം ഇ-ഓക്ഷൻ** നിരക്ക് പ്രസ്തുത **ഇ-ടെൻഡർ** സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ **ഇ-ടെൻഡർ കം ഇ-ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 5 ദിവസത്തിനകം മൊത്തം തുകയുടെ 15% സെക്യൂരിറ്റി ഡിഷോസിറ്റായി (**നിരതദ്രവ്യമടക്കം**) അതാത് എസ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ അടക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്ക് പലിശ നൽശുന്നതല്ല.

7.ഇതിന് പുറമെ മൊത്തം ഇ-ടെൻഡർ കം ഇ-ഓക്ഷൻ തുക മുഴുവനും മുൻകൂർ വിലയായി ഇ-ടെൻഡർ കം ഇ-ഓക്ഷൻ സ്ഥിരീകരണത്തിന്റെ തിയതി മുതൽ 10 ദിവസത്തിനകം അടക്കേണ്ടതാണ്.

8. **ഇ ടെൻഡർ കം ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 10 ദിവസത്തിനകം 6-ഉം 7-ഉം വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് കോർഷറേഷനുമായി ഇതനുസരിച്ചുള്ള **ഉടമ്പടി 200/-** രൂപ **കേരള സർക്കാർ** വക മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നപക്ഷം **ഇ —ടെൻഡർ കം ഓക്ഷൻ** അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർഷറേഷനിൽ പ്രസ്തുത വ്യക്തി **അടച്ചിട്ടുള്ളതായ എല്ലാ തുകകളും** കണ്ടുകെട്ടി കോർഷറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. **ഇതുമൂലം** കോർഷറേഷനുണ്ടാകാവുന്ന **എല്ലാവിധ** കഷ്ടനഷ്ടങ്ങൾ**ക്കും** പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്ന**താണ്.**

9. ഏറ്റവും കൂടിയ തുകയ്ക്ക് **ഇടെൻഡർ ഇ—ഓക്ഷൻ** സമർപ്പിച്ച വ്യക്തിയ്ക്ക് കോർഷറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ **അത്** പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ 6,7 വകുപ്പുകൾ അനുസരിച്ചുള്ള തുക അ

ടക്കാതിരിക്കുകയോ ചെയ്താൽ നിരതദ്രവ്യം അടക്കമുള്ള ടി തുക കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽകൂട്ടുന്നതിന് കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

10. തടികൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി കരാർ തിയതി മുതൽ 20 ദിവസമായിരിക്കും.

11. ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരന് കരാർ കാലാവധിക്കുള്ളിൽ മരം മുറിച്ച് നീക്കം ചെയുന്നതിന് സാധിക്കാതെ വന്നാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ, യുക്തമെന്ന് തോന്നുകയാൽ, കരാർ തുകയുടെ 0.01 ശതമാനം പിഴപ്പലിശ ഈടാക്കി പരമാവധി 15 ദിവസം വരെ കരാർ കാലാവധി നീട്ടി നൽകുന്നതിന് കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

12. തുടർന്നും കരാർ കാലാവധിക്ക് ശേഷം കരാർ പ്രകാരമുള്ള തടികൾ എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യാതിരുന്നാൽ പ്രസ്തുത തടികളുടെ മേൽ കരാറുകാരന് പിന്നീട് യാതൊരു അവകാശവും ഉന്നയിക്കുവാൻ അവകാശമോ അധികാരമോ ഉണ്ടയിരിക്കുന്നതല്ലാത്തതും, കരാറുകാരൻ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ളതായ എല്ലാ തുകകളും കോർപറേഷൻ ഖജനാവിലേക്ക് കണ്ടുകെട്ടി മുതൽ കോർപറേഷന് അവകാശമുണ്ടായിരിക്കുന്നതാണെന്നും, കൂടാതെ , കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി തടികൾ പുനർ ടെൻഡർ ചെയ്ത് തടികൾ നീക്കം ചെയ്യുന്നതും ആയതിലേക്ക് ഉണ്ടാകാവുന്ന സകലവിധ ചെലവും നഷ്ടവും കരാറുകാരനിൽ നിന്ന് ഈടാക്കി എടുക്കുന്നതിനുള്ള സമ്പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതുമാണ്.

13. തീപിടുത്തം, വരൾച്ച, കീടബാധ, പ്രകൃതിക്ഷോഭം, കരാറുകാരന്റേയോ, കേർപ്പറേഷന്റേയോ തൊഴിലാളികളുടെ സമരം മുതലായവ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോർപ്പറേഷൻ യാതൊരു കാരണവശാലും നഷ്ടപരിഹാരം **നൽകുന്നതല്ല.** കരാറുകരാന്റെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷനു ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

14. **ഇ ടെൻഡർ കം ഇ ഓക്ഷൻ** വിളിച്ച് കരാർ **നൽകിയിട്ടുള്ള** സ്ഥലത്ത് കോർപ്പറേഷൻ ഉദ്യോഗ്സ്ഥന്മാർക്ക് ഏതു സമയത്തും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

15. കരാറുകരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ, എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.

16. കരാറുകരാനും, കരാറുകാരന്റെ ഏജന്റും, തൊഴിലാളികളും **തടി** നീക്കം ചെയുന്നതിന് മുമ്പായി എസ്റ്റേറ്റു മാനേജരുടേയോ, മാനേജർ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽ നിന്നും പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.

17. **ഇ–ടെൻഡർ** തുകയ്ക്ക് പുറമേ, ബാധകമാകുന്ന **എല്ലാ സർക്കാർ നികുതികളും** കാരാറുകരൻ **അടക്കേണ്ടതാണ്.** തടി ലോഡുകളായി കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നും പാസ്സുകളോ ലൈസെൻസോ ആവശ്യമെങ്കിൽ കരാറുകരാൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

18. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ, കോർപ്പറേഷൻ വക മരങ്ങൾക്കോ, മറ്റു വസ്തുക്കൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ ജനറൽ മാനേജർ (ഓപ്പറേഷൻസ്) നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരൻ കോർപ്പറേഷനിലേയ്ക്ക് **അടക്കേണ്ടതും,** ജനറൽ മാനേജറുടെ ടി തീരുമാനം തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

19. **അതതു എസ്റ്റേറ്റുകളിലുള്ള തേക്ക് തടികൾ എസ്റ്റേറ്റ്** അധികാരികളുടെ നിർദ്ദേശമനുസ്സരിച്ച് **മാത്രമേ നീക്കം ചെയ്യുവാൻ** കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. എസ്റ്റേറ്റിൽ നിന്ന് **നീക്കം ചെയ്യുന്ന തടികളുടെ കണക്ക് അത്**

നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ **രേഖാമൂലം** അറിയി**ച്ചി**രിക്കേണ്ടതാണ്.

20. എസ്റ്റേറ്റു മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, കരാറുകാരന്റെ ഏജന്റ്, തൊഴിലാളികൾ തുടങ്ങിയവരെ നിയന്ത്രിക്കുന്നതിനും, കരാറു**കാരൻ** **തടി** കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. **കരാർ ഉറപ്പിച്ച** മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കാരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന ആളോ, അയാളുടെ തൊഴിലാളികളോ, കൊണ്ടുപോകാൻപാടില്ല.

22. തടി മാറ്റുന്നതിനാവിശ്യമായ യാതൊരു**വിധ** സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല**.**

23. കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷന് കാർഷിക പ്രവർത്തനങ്ങൾ നടത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ് .

24. കരാറുകാരൻ യാതൊരു കാരണവശാലും കോർപ്പറേഷന്റെ സ്ഥലത്ത് സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല. കരാർ ഏറ്റിട്ടുള്ള സ്ഥലത്ത് സ്ഥാപിക്കാൻ ഇടയുള്ള താൽക്കാലിക ഷെഡ്ഡുകൾ പണിയുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരുടെ അനുവാദം **രേഖാമൂലം** വാങ്ങേണ്ടതും,കരാർ കാലാവധി തീരുന്ന അവസരത്തിൽ സ്വന്തം **ചിലവിൽ പൊളിച്ചുമാറ്റേണ്ടതാണ്, അല്ലാത്തപക്ഷം** ടി ഷെഡ്ഡുകൾ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.

25. കരാറുകരാനോ/ **കരാറുകാരന്റെ** ഏജന്റോ കരാർ സ്ഥലത്തുനിന്നും **തടികൾ** നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റുമാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കി മാത്രമേ തടി എസ്റ്റേറ്റിനു വെളിയിൽ കൊണ്ടുപോകുവാൻ പാടുള്ളൂ

26. തടി കൊണ്ടുപോകുന്ന സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും **തടികൾ ലോഡ് ചെയ്യുന്നതിനോ നീക്കം ചെയ്യുന്നതിനോ** അനുവദിക്കുന്നതല്ല.

27. **ഇ ടെൻഡറിൽ വാഗ്ദാനം ചെയ്ത തുകയുടെ 100% അഡ്വാൻസും** 15% സെക്യൂരിറ്റിയും അടച്ച് കരാർ ഉടമ്പടി ഒപ്പിട്ടതിനുശേഷമേ തോട്ടത്തിൽ പ്രവേശിക്കുന്നതിനു കരാറുകാരന് അനുവാദമുണ്ടായിരിക്കുകയുള്ളു.

28.. **കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ, അയാളുടെ ഏജന്റോ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി കോർപറേഷന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള പരമാധികാരം മാനേജിങ് ഡയറക്ടർക്കുണ്ടായിരിക്കും. ഇതുമൂലം കോർപറേഷനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്**

29. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കരാർ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ ടി തേക്കുതടികൾ കോർപ്പറേഷൻ പുനർ **ഇ-ടെൻഡർ കം ഇ—ഓക്ഷൻ** നടത്തുന്നതുമാണ്. ഇതുമൂലം

കോർഷറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

30. കോർഷറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ **ഇ–ടെൻഡറിൽ** പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

**31. വിൽപ്പന സംബന്ധിച്ച് ഇ-ടെൻഡർ കം ഇ-ഓക്ഷനിലോ ഇത് സംബന്ധിച്ച വ്യവസ്ഥകളുടെ വ്യഖ്യാനത്തിലോ, നടത്തിപ്പിലോ ഏതെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്ക് അതിൽ തീർപ്പ് കല്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.**

32.. കരാറുകരന്റെ ആൾക്കാർക്കോ മറ്റ് തൊഴിലാളികൾക്കോ **ടി വിൽപ്പന** സംബന്ധമായി ഏതെങ്കിലും വിധത്തിൽ കൊടുക്കാനുള്ള വേതനത്തിനോ/നഷ്ടപരിഹാരത്തിനോ കോർഷറേഷൻ ഒരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. **തടികൾ നീക്കം ചെയ്യുന്നതിനും,** അതോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻ **സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്. സർക്കാർ വകുപ്പുകൾ ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനങ്ങളിൽ നിന്നോ ലൈസൻസോ പാസോ തുടങ്ങിയവ തടികൾ കൊണ്ടുപോകുന്നതിന് ആവശ്യമെങ്കിൽ ആയത് കരാറുകാരൻ സ്വന്തം നിലയിൽ എടുക്കേണ്ടതാകുന്നു. എന്തെങ്കിലും തരത്തിലുള്ള തടസങ്ങൾ നേരിട്ടാൽ ആയതിന് പ്ലന്റഷൻ കോർപറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.**

33.കരാറുകാരൻ **ഇ–ടെൻഡർ കം ഇ ഓക്ഷൻ** വ്യവസ്ഥകളോ, കരാർ വ്യവസ്ഥകളോ പാലിക്കാതെ വന്നാൽ യാതൊരുവിധ മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതിനും, തടി പുനർ **ഇ–ടെൻഡർ കം ഇ ഓക്ഷൻ** വഴി വിൽക്കുന്നതിനും കരാറുകാരൻ കോർഷറേഷനിലേക്ക് അടച്ചിട്ടുള്ളതായ മുഴുവൻ തുകയും കോർഷറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതിനും കൂടാതെ കോർഷറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം പ്ലാന്റേഷൻ കോർഷറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

34. ഈ കരാർ സംബന്ധമായി എന്തെങ്കിലും തർക്കങ്ങളുണ്ടായൽ ആയതിന്റെ വ്യവഹാര പരിധി കോട്ടയം കോടതികളിൽ മാത്രമായിരിക്കും.

35. കരാർ ഏറ്റുടുക്കുന്ന ആൾ കരാർ പൂർത്തിയാക്കിയതിനുശേഷം 2 മാസത്തിനകം തോട്ടം മാനേജരിൽ നിന്നും ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കി അടച്ച **സെക്യൂരിറ്റി** തുക തിരികെ വാങ്ങേണ്ടതാണ്.

36. **ഈ വ്യവസ്ഥകളും വിൽപ്പന സംബന്ധിച്ച് ബന്ധപ്പെട്ട പത്രപരസ്യവും മറ്റും കരാറിന്റെ ഭാഗമായിരിക്കുന്നതാണ്. തടികളുടെ** എണ്ണം, ക്രമീകരണം, ഇ.എം.ഡി എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം പ്ലാന്റേഷൻ കോർഷറേഷന് ഉണ്ടായിരിക്കുന്നതാണ്.

37. യാതൊരു കാരണവും കാണിക്കാതെ **എപ്പോൾ വേണമെങ്കിലും** ഏതൊരു ടെണ്ടറും റദ്ദ് ചെയ്യുന്നതിനോ, മാറ്റി **വയ്ക്കുന്നതിനോ**, നിർത്തി വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരവും അവകാശവും കോർഷറേഷന് ഉണ്ടായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ **പാടില്ലാത്തതാണ്**

38. **മേൽപ്പറഞ്ഞ സാഹചര്യത്തിൽ നിശ്ചിത ടെൻഡർ** കോർഷറേഷൻ റദ്ദ് ചെയ്യുകയാണെങ്കിൽ അതുമൂലം **ആയത്തിലേക്ക്** നഷ്ടപരിഹാരവും കോർഷറേഷൻ നൽകുന്നതല്ലാത്തതും

നഷ്ടപരിഹാരത്തിന് അവകാശമുന്നയിക്കുവാൻ കരാറുകരാന് അർഹതയോ, അവകാശമോ ഇല്ലാത്തതുമാണ്.

39. കരാർ കലായളവിൽ കരാറുകാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുകയോ, നിയമം മൂലം നിരോധിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം, തന്മൂലം ഉണ്ടാകാവുന്നതായ സകലവിധ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും കരാറുകാരൻ കോർപ്പറേഷനിൽ നിന്നും ഏറ്റെടുത്തിട്ടുള്ളുതുമായ എല്ലാ വിധ കാരാർ ഇടപാടുകളും റദ്ദുചെയ്യുന്നതും, കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കോർപ്പറേഷൻ മുതലിലേക്ക് കണ്ടുകെട്ടി മുതൽ കുട്ടുന്നതിനും, കൂടാതെ ആവശ്യമെന്നു കണ്ടാൽ, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി ബ്ലോക്കുകളിൽ പൂനർ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** നടത്തി **ടി തടികളുടെ** വില്പന പൂർത്തിയാക്കുന്നതിനു കോർപ്പറേഷനു തീരുമാനമെടുക്കാവുന്നതും, തന്മുലം ഉണ്ടാകാവുന്ന സകലവിധ ചെലവുകളും, നഷ്ടവും കരാറുകാരനിൽ നിന്നോ ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.

40. ഇ-പോർട്ടൽ മുഖേന ഇ-ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 21/03/2020, 5.00 P.M ആണ്. 23/03/2020, 3.00 P M ന് ഇ-ദർഘാസുകൾ തുറക്കുന്നതുമാണ്.

ടി വ്യവസ്ഥകൾ അംഗീകരിച്ചിരിക്കുന്നു.

(ഇ-ടെൻഡർ സമർപ്പിക്കുന്ന ആളിന്റെ പേരും ഒപ്പും)

(വീട്ടുപേര്, വില്ലജ്, താലൂക്ക്, ജില്ലാ സഹിതം)

Sd/-

**ജനറൽ മാനേജർ (സി)**

കോട്ടയം

16/03/2020

## വിൽക്കുവാനുള്ള തടികളുടെ പട്ടിക

## എസ്റ്റേറ്റ്, തടികളുടെ എണ്ണം എന്നിവ

**ഇ ടെൻഡർ / ഇ ഓക്ഷൻ**

കല്ലാല, ആതിരപ്പിള്ളി എസ്റ്റേറ്റുകളിൽ സൂക്ഷിച്ചിരിക്കുന്ന തേക്ക് തടികൾ

| Sl No. | ESTATE | NO. OF STACKED LOGS | D.D No | D.D Date | D.D Amount |
|---|---|---|---|---|---|
| 1 | Kallala | 294 | | | |
| 2 | Adirappally | 520 | | | |

# സമ്മതപത്രം

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

**CIN No: UO1119KL1962SGC001997**

**കോട്ടയം - 686004**

സ്ഥലം:

തീയതി :

## സമ്മതപത്രം

പ്ലാന്റേഷൻ കോർപ്പറേഷന്റെ കല്ലാല, ആതിരപ്പിള്ളി എസ്റ്റേറ്റുകളിൽ സൂക്ഷിച്ചിരിക്കുന്ന തേക്ക് തടികൾ വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട കരാറിന്റെ ഇ-ദർഘാസ്- ഇ-ലേല വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**

**തപാൽ മേൽവിലാസം**

**കര**

**വില്ലേജ്**

**താലൂക്ക്**

**ജില്ല**

**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**

**ലാന്റ് നമ്പർ :**

**മൊബൈൽ നമ്പർ :**

**ഒപ്പ്**